എറണാകുളം	..	378
തൃശ്ശൂർ	..	504
പാലക്കാട്	..	635
മലപ്പുറം	..	680
കോഴിക്കോട്	..	238
വയനാട്	..	899
കണ്ണൂർ	..	129
കാസർഗോഡ്	..	96

(ബി) 2730 കേസുകൾ

(സി) വനം കൊള്ളമൂലമുണ്ടാകുന്ന നഷ്ടം സംരക്ഷണ ചുമതല ഉണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് ബോദ്ധ്യപ്പെട്ടാൽ നിഷ്ക്കർഷിച്ചിട്ടുള്ള അച്ചടക്ക നടപടി ക്രമങ്ങൾ പാലിച്ചു മാത്രമേ നഷ്ടം തിരിച്ചു പിടിക്കാറുള്ളൂ. ആയതിനാൽ ഈ നടപടിക്രമം പുനരാലോചനയ്ക്ക് വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. നഷ്ടം കണക്കാക്കുന്നത് നഷ്ടപ്പെട്ട വനവിഭവങ്ങൾക്ക് നിശ്ചയിച്ച വിലയുടെ അടിസ്ഥാനത്തിലാണ്.

(ഡി) ഉണ്ട്. വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിലവിൽ കാർട്ടേഴ്സ് സൗകര്യം നൽകി വരുന്നുണ്ട്. അതില്ലാത്തിടത്ത് ഘട്ടംഘട്ടമായി ഈ സൗകര്യം നൽകുവാനുള്ള നടപടികൾ എടുത്തു വരുന്നുണ്ട്. ആവശ്യമുള്ള ആയുധങ്ങളും, വയർലെസ് സംവിധാനങ്ങളും സംരക്ഷണ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കാനുള്ള നടപടികൾ എടുത്തുവരുന്നുണ്ട്. സംരക്ഷണ ഉദ്യോഗസ്ഥർക്ക് അരിപ്പയിലും വാളയാറിലുമുള്ള ഫോറസ്റ്റ് സ്കൂളുകളിൽ കാലാകാലങ്ങളിൽ ശാസ്ത്രീയ പരിശീലനങ്ങളും നൽകി വരുന്നുണ്ട്.

തോട്ടങ്ങൾക്ക് പാട്ടം പുതുക്കി നിശ്ചയിക്കൽ

108 [2978] ശ്രീ. കെ. കെ. ജയചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ പി. ജയരാജൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ എത്ര തോട്ടങ്ങൾക്കാണ് പാട്ടം വീണ്ടും പുതുക്കി നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പാട്ടം പുതുക്കി നൽകിയപ്പോൾ പാട്ടക്കരം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടു തോട്ടങ്ങൾക്ക് പാട്ടം പുതുക്കി നൽകിയിട്ടുണ്ട്. 15-5-2003-ലെ ജി.ഒ. (എം.എസ്.) 25/2003/വനം പ്രകാരം കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന് വന വിളകൾക്കായി 7748.442 ഹെക്ടർ ഭൂമിക്കും, 10-6-2003-ലെ ജി.ഒ. (എം.എസ്.) 33/2003/വനം പ്രകാരം റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് കേന്ദ്രാനുമതിയോടെ 2193.77 ഹെക്ടർ ഭൂമിയുമാണ് പാട്ടം പുതുക്കി നൽകിയത്.

(ബി) കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷന് വനവിളകൾക്ക് പാട്ട വാടക പ്രതിവർഷം ഹെക്ടറിന് 50 രൂപയായി പുതുക്കി നിശ്ചയിച്ചു. റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് പാട്ടവാടക പാട്ടം പുതുക്കിയപ്പോൾ ഹെക്ടറിന് നിലവിലുള്ള പാട്ടവാടക 1300 രൂപ എന്ന നിരക്കിൽ മാറ്റം വരുത്തിയിട്ടില്ല.

കേരള ഫോറസ്ട്രി പ്രോജക്ടുമായി ബന്ധപ്പെട്ട് വാങ്ങിയ കമ്പ്യൂട്ടറുകൾ

109 [2979] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിയ കേരള ഫോറസ്ട്രി പ്രോജക്ടിൽപ്പെടുത്തി വനം വകുപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ ആകെ എത്ര തുകയ്ക്കുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്;

(സി) ഏത് ഏജൻസിയിൽ നിന്നാണ് ഇത് വാങ്ങിയിട്ടുള്ളത്;

(ഡി) ഇതിന്റെ അടങ്കൽ തുക എത്രയായിരുന്നു;

(ഇ) കമ്പ്യൂട്ടറുകൾ ലഭ്യമാക്കിയ ഏജൻസിക്ക് സെയിൽസ് ടാക്സും കസ്റ്റംസ് തീരുവയും ഇളവ് ചെയ്ത് കൊടുക്കുന്നതിന് സർക്കാർ നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് സെയിൽസ് ടാക്സും കസ്റ്റംസ് തീരുവയും ഇളവ് ചെയ്തു നൽകിയത്;

(ജി) ഈയിനത്തിൽ എത്ര തുകയുടെ ഇളവാണ് നൽകിയത്;

(എച്ച്) 2003-ന് മുമ്പ് ലോകബാങ്ക് സഹായം കേരള ഫോറസ്ട്രി പ്രോജക്ടിൽപ്പെടുത്തി വനം വകുപ്പ് കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങിയിട്ടുണ്ടോ;

(ഐ) എങ്കിൽ ആകെ എത്ര തുകയ്ക്കാണ് വാങ്ങിയതെന്നും എത്രയെണ്ണമാണ് വാങ്ങിയത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആകെ 5,12,59,786 രൂപയ്ക്കുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly